മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

യൂണിവേഴ്സിറ്റി ജീവനക്കാർക്ക് ടൈം സ്കെയിൽ.

* 1100. [6] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

യൂണിവേഴ്സിറ്റി ജീവനക്കാരായ എൻ. ജി. ഒ. മാർക്ക് ടൈം സ്കെയിൽ ഏർപ്പെടുത്തുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നു.

പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം.

* 1101. [7] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറ് അംഗീകരിച്ചു കഴിഞ്ഞിട്ടുള്ള പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളവർദ്ധനവിനും മറ്റുമായി ഏതെല്ലാം നടപടികൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു;

(ബി) പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് ഇനിയും ശമ്പളം തിട്ടപ്പെടുത്താതെ എത്ര അദ്ധ്യാപകന്മാർ അവശേഷിക്കുന്നുണ്ട്;

(സി) ശമ്പളം തിട്ടപ്പെടുത്തുമ്പോൾ നാളിതുവരെ, അദ്ധ്യാപകർ പഠിപ്പിച്ചിട്ടുള്ള വർഷം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശമ്പളവർദ്ധനവിനെ പറ്റിയുള്ള കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

(ബി) ഏകദേശം ഇരുന്നൂറോളം വരും.

(സി) പി. എസ്സ്. എസ്സ്. സ്കീമിൽ റൂൾ 12, ക്ലാസ്സ് 4, 5 അനുസരിച്ചാണ് ശമ്പളം നിർണ്ണയിക്കുന്നത്.

മിഡിൽസ്കൂളിലെ ഫീസിളവ്.

* 1102. [8] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) മീഡിൽസ്കൂൾ ക്ലാസ്സുകളിൽ ഫീസിളവു വരുത്തിയതിനാൽ വളരെ നഷ്ടം സഹിക്കേണ്ടിവന്നിട്ടുള്ള പ്രൈവറ്റ്സ്കൂൾ മാനേജരന്മാരുടെ നഷ്ടം നികത്തുന്നതിനു ഗവണ്മെൻറിൽനിന്നും ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഗവണ്മെൻറ് സ്കൂളുകളിലേയും പ്രൈവറ്റ് സ്കൂളുകളിലേയും ഓരോ മിഡിൽസ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി ഗവണ്മെൻറ് ശരാശരി എത്ര രൂപ ചെലവാക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) 1950-ന മുൻപ് പ്രൈവറ്റ് മാനേജരന്മാർക്ക് അനുവദിച്ചിരുന്ന അധികാരാവകാശങ്ങളിൽ ഏതെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏവ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഒന്നും രണ്ടും ഫാറങ്ങളിൽ ഫീസിളവു വരുത്തിയതിനു വിദ്യാർത്ഥി ഒന്നുക്ക് 1 രൂപ 15 അണ വച്ച് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. 3-ാംഫാറത്തിൽ ഫീസിളവു വരുത്തിയതിനു ഗ്രാൻറ് അനുവദിക്കുന്നകാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ബി) ഈ ഇനത്തിൽ മാത്രമുള്ള സംഖ്യയുടെ വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

(സി) പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് മാനേജരന്മാർക്കു മുൻപുണ്ടായിരുന്ന അധികാരാവകാശങ്ങൾക്കു മാറ്റമുണ്ടാക്കിയിട്ടില്ല. പക്ഷെ, അദ്ധ്യാപകന്മാരുടെ സർവീസ് വ്യവസ്ഥകളുടെ താല്പര്യരക്ഷയ്ക്കായി എഡ്യൂക്കേഷൻ കോഡിൽ വിവരിച്ചിട്ടുള്ള പ്രകാരം ഡിപ്പാർട്ടുമെൻറിന്റെ അധികാരങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ നികുതി.

* 1103. [10] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

രണ്ടാം പഞ്ചവത്സരപദ്ധതി കാലത്തിൽ തിരുവിതാംകൂർ–കൊച്ചിയിൽ വിദ്യാഭ്യാസനികുതി നടപ്പിലാക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ പ്ലാനിംഗ് കമ്മീഷന്റെ മുൻപിൽ ഈ ഗവണ്മെൻറ് സമർപ്പിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): രണ്ടാം പഞ്ചവത്സരപദ്ധതി കാലത്തിൽ തിരുവിതാംകൂർ–കൊച്ചിയിൽ വിദ്യാഭ്യാസനികുതി ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കുന്നതാണെന്ന് പ്ലാനിംഗ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്.

കൂട്ടുകൃഷി.

* 1104. [11] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടുകൃഷി സഹകരണസംഘങ്ങൾക്ക് എത്ര ഏക്കർ സ്ഥലം 1950-ന ശേഷം കൃഷിക്കായി പതിച്ചുകൊടുത്തിട്ടുണ്ട്;

(ബി) അതിൽ എത്ര ഏക്കർ സ്ഥലം തിരിച്ചെടുത്തിട്ടുണ്ട്;

(സി) 3535-ാംനമ്പർ വെങ്ങാനം ചാൽ കൂട്ടുകൃഷിസഹകരണസംഘം, കാഞ്ഞാർ, വല്ല നിവേദനവും നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ, ബി സി, ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly